ത്തിയിരുന്നു. ഇതുകൂടാതെ അഡീഷണൽ ഓതറൈസേഷൻ വഴി 10.4 കോടി രൂപ കൂടി അനുവദിച്ചു. കർഷകത്തൊഴിലാളി പെൻഷൻ നൽകുന്നതിന് ഇക്കൊല്ലം ഇതുവരെ മൊത്തം 47.6 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കുടിശ്ശിക മുഴുവൻ ഈ മാസത്തോടുകൂടി കൊടുക്കുകയാണെങ്കിൽ 40.65 കോടി രൂപ വേണ്ടിവരും. തൊഴിലില്ലായ്മ വേതനം 1999 നവംബർ മാസംവരെ കുടിശ്ശിക തീർത്തു നൽകിയിട്ടുണ്ട്. ഇതു നൽകുന്നതിന് 59.88 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. അഗതിപെൻഷൻ വിതരണം ചെയ്യുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള മുഴുവൻ തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് അത് വിതരണം ചെയ്യുന്നത്. സാമൂഹ്യ ക്ഷേമപദ്ധതികളനുസരിച്ച് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വിവിധ പെൻഷനുകളുടെ കുടിശ്ശിക നൽകുന്നതിനായി 50.13 കോടി രൂപകൂടി അഡീഷണൽ ആയി ഓതറൈസ് ചെയ്യേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് എല്ലാ പെൻഷനുകളുടേയും കുടിശ്ശിക ഈ സാമ്പത്തിക വർഷത്തിൽ തന്നെ തീർത്തു നൽകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതിനുള്ള എല്ലാ സംവിധാനങ്ങളും ചെയ്തുവരികയാണ്. മാസംതോറും കർഷകതൊഴിലാളി പെൻഷൻ പോലെയുള്ള ഡെസ്റ്റിറ്റ്യൂട്ട് പെൻഷനുകൾ കൊടുക്കുന്ന കാര്യം ആലോചിക്കണം. അതു ചെയ്യണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. കുടിശ്ശിക മുഴുവനും കൊടുത്തുതീർക്കും. യാതൊരു സംശയവുമില്ല. 18 മാസത്തെ കുടിശ്ശികയോടുകൂടിയാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. കർഷകത്തൊഴിലാളി പെൻഷൻ 30.4.2000-ത്തിനു ശേഷമുള്ളത് കൊടുക്കാനുണ്ട്. അത് 70 രൂപയിൽ നിന്ന് 120 രൂപയാക്കിയിട്ടുണ്ട്. 31.3.-നു മുമ്പ് അതായത് നടപ്പ് സാമ്പത്തിക വർഷം കഴിയുന്നതിനു മുമ്പ് സോഷ്യൽ വെൽഫെയർ വകുപ്പിൽ നിന്ന് എല്ലാ പെൻഷനുകളും കൊടുത്തുതീർക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുമെന്ന് ഞാൻ ഉറപ്പിച്ചു പറയുന്നു.

(14) കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റുകളിലെ ടോയ്‌ലറ്റുകളുടെ ശോച്യാവസ്ഥ

<u>ശ്രീമതി. ആർ. ലതാദേവി</u> : നമ്മുടെ സംസ്ഥാനത്തെ സ്ത്രീകളടക്കമുള്ള ബസ് യാത്രക്കാർ, പ്രത്യേകിച്ച് ദീർഘദൂര ബസ് യാത്രക്കാർ, നേരിടുന്ന പ്രധാന പ്രതിസന്ധിയിലേക്ക് ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുകയാണ്. സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റുകളിലെ ടോയിലറ്റുകളുടെ ഇന്നത്തെ അവസ്ഥ വളരെ ശോചനീയമാണ്. ദുർഗ്ഗന്ധം കാരണം അതിന്റെ അടുത്തോട്ട് പോകാൻ പോലും ആളുകൾക്ക് സാധിക്കുന്നില്ല. വിശേഷിച്ച് നമ്മുടെ തലസ്ഥാനത്തെ ബസ്സ്റ്റാന്റായ തിരുവനന്തപുരം സെൻട്രൽ ബസ്സ്റ്റാന്റിലെ റ്റോയിലറ്റിന് കതകില്ല. കൊല്ലം, ആലപ്പുഴ, തൃശ്ശൂർ തുടങ്ങിയ പ്രധാനപ്പെട്ട കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡുകളിലെ ടോയിലറ്റുകൾക്കും കതകില്ല. അകത്തു കയറിയാൽ ലൈറ്റില്ല. വെള്ളമില്ല. മാലിന്യം കൂമ്പാരമായിട്ട് കിടക്കുകയാണ്. ഒരു ബക്കറ്റില്ല. മഗ്ഗില്ല. ദീർഘദൂര യാത്രക്കാർക്ക് പ്രാഥമികമായ ആവശ്യം നിർവഹിക്കുന്നതിനുള്ള യാതൊരു സൗകര്യവുമില്ല. ചില സ്ഥലങ്ങളിൽ പൈസ വാങ്ങുന്നുണ്ട്. പൈസ വാങ്ങുകയല്ലാതെ ശുചീകരണ പ്രവർത്തനങ്ങൾ യാതൊന്നും നടത്തുന്നില്ല. സ്ത്രീകളുടെ കൈയിൽ നിന്ന് കൂടുതൽ പൈസ വാങ്ങിക്കുകയും, പുരുഷൻമാരുടെ കൈയിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

കുറച്ച് പൈസ വാങ്ങിക്കുകയും ചെയ്യുന്നുണ്ട്. എനിക്ക് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് പ്രത്യേകിച്ച് സ്ത്രീകളടക്കമുള്ള ദീർഘദൂരയാത്രക്കാർക്ക് ഇത് ഉപയോഗിച്ചാൽ മാറാവ്യാധികളുണ്ടാകും. അതുകൊണ്ട് അടിയന്തിരമായും ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തണമെന്ന് ബഹുമാപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ, ഇത്തരം ആക്ഷേപങ്ങൾ വന്നതിന്റെ അടിസ്ഥാനത്തിൽ രണ്ടുദിവസം മുമ്പ് കെ.എസ്.ആർ.ടി.സി. എംഡി.യും ഞാനും തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിൽപ്പോയി ഇതു പരിശോധിച്ചു. കെ.എസ്.ആർ.ടി.സി. യുടെ ബസ് സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന ടോയിലറ്റുകൾ വൃത്തിയായും വെടിപ്പായും മാലിന്യരഹിതമായും സൂക്ഷിക്കുന്നതിന് പേ ആന്റ് യൂസ് സംവിധാനമാക്കി പ്രവർത്തിപ്പിക്കുന്നതിനു ഏജൻസികളെ ഏൽപ്പിച്ചിട്ടുണ്ട്. ആയത് വൃത്തിയായും വെടിപ്പായും സൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനു ആവശ്യമായ നിർദ്ദേശം നൽകുന്നതിനും അറ്റകുറ്റപ്പണികൾ അപ്പപ്പോൾ തീർക്കുന്നതിനും വേണ്ടി ബന്ധപ്പെട്ട യൂണിറ്റ് ഓഫീസർമാർക്ക് കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതു കൂടുതൽ കാര്യക്ഷമമാക്കി നടത്താൻ ഉടൻതന്നെ ആവശ്യപ്പെടും.

(15) പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ സബ് ഡിപ്പോയായി ഉയർത്തേണ്ടത് സംബന്ധിച്ച്

ശ്രീ. പി.കെ. കുമാരൻ : സർ, പന്തളത്തെ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ സബ് ഡിപ്പോയായി ഉയർത്തി അതിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തണമെന്നുള്ളതാണ് ഞാൻ വിനീതമായി ആവശ്യപ്പെടുന്നത്, ഈ ആവശ്യം ഇവിടെ അഞ്ചാമത്തെ തവണയാണ് ഉന്നയിക്കുന്നത്. ബഹുമാന്യരായ മന്ത്രിമാർ ഈ കാര്യം സജീവമായി പരിഗണിക്കുമെന്ന് പറഞ്ഞതാണ്. 1983-ലാണ് പന്തളത്ത് കെ.എസ്.ആർ.ടി.സി.യുടെ ഓഫീസ് തുറന്ന് പ്രവർത്തനം ആരംഭിച്ചത്. അന്ന് 17 ഷെഡ്യൂളുകളോടുകൂടി പ്രവർത്തനം ആരംഭിച്ചതാണ്. പന്തളം പഞ്ചായത്തിൽ നിന്നാണ് അന്ന് അതിന് ആവശ്യമായ വസ്തുവും കെട്ടിടവും കൊടുത്തത്. ഞാൻ അന്ന് അവിടത്തെ പന്തളം പഞ്ചായത്ത് അംഗമായിരുന്നു. ഗവൺമെന്റാണ് ഇതെല്ലാം ചെയ്തുതന്നത്. പിന്നീട് ഇതുവരെ ഈ കാര്യത്തിൽ യാതൊന്നും ചെയ്തിട്ടില്ല. അവിടത്തെ സ്ഥിതി വളരെ ശോചനീയമാണ്. അതു സബ് ഡിപ്പോയായി ഉയർത്തണം. എ.റ്റി.ഒ.യെ നിയമിച്ച് അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും യാത്രാക്ലേശം പരിഹരിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ, കെ.എസ്.ആർ.ടി.സി.യുടെ പന്തളം ഓപ്പറേറ്റിംഗ് സെന്റർ 14.9.1983-ൽ പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ ഇവിടെനിന്നും 13 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. സബ് ഡിപ്പോയായി പ്രവർത്തിക്കുന്നതിനുവേണ്ടി 25-നു മേൽ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യേണ്ടതുണ്ട്. കൂടുതൽ ഷെഡ്യൂളുകൾ ഓപ്പറേറ്റു ചെയ്യുന്നതിനുവേണ്ടിയുള്ള ഗ്യാരേജും മറ്റു സൗകര്യങ്ങളൊന്നും ഇപ്പോൾ അവിടെ ലഭ്യമല്ല. കൂടുതൽ ഷെഡ്യൂളുകൾ ഓപ്പറേറ്റു ചെയ്യുന്നതിനുള്ള ഗ്യാരേജും മറ്റു അനുബന്ധ സൗകര്യങ്ങളും പ്രാദേശികമായി ലഭ്യമാക്കുകയും കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുകയും

LIBRARY ARCHIVES Kerala Legislative Assembly